



ഫഹ്മീ ഹുവൈദി

# ഇസ്രയേൽ ഹമാസിനെ തേടിയെത്തുമ്പോൾ

**ഇസ്രയേലും** ഫലസ്ത്വീൻ ഗ്രൂപ്പുകളും തമ്മിൽ ഇപ്പോൾ നിലവിൽ വന്നിരിക്കുന്ന വെടിനിർത്തൽ സ്വാഗതം ചെയ്യേണ്ടതുതന്നെ. പക്ഷേ, അതിനു മുമ്പ് അതിലേക്ക് വഴിവെച്ച പിന്നാമ്പുറ സംഭവവികാസങ്ങൾ വിശകലനം ചെയ്യണം. വെടിനിർത്തലിന് അമിത പ്രാധാന്യം നൽകി തെറ്റായ കണക്കുകൂട്ടലുകൾ നടത്താതിരിക്കാനെങ്കിലും അത് ഉപകരിക്കും.

ഇപ്പോഴത്തെ സംഭവവികാസത്തിൽ ഇസ്രയേൽ നിലപാടിൽ മൗലികവും നാടകീയവുമായ മാറ്റങ്ങളാണ് കാണാനാവുന്നത്. *ടൈം* വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ ഇതു സംബന്ധമായ വിശദാംശങ്ങളുണ്ട്. ഹമാസ് ഭീകര സംഘടനയാണെന്നും അവരുമായി യാതൊരു ചർച്ചയുമില്ലെന്നുമാണ് ഒൽമർട്ട് ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നിലപാട്. ഇസ്രയേൽ പ്രധാനമന്ത്രിയുടെ ജനസ്വീകാര്യത പൂജ്യത്തോടടുത്തുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ, ഹമാസുമായി നേരിട്ടല്ലാതെ ചർച്ചയാവാം എന്ന നിലപാടിലേക്ക് അദ്ദേഹം വന്നു. ഈ നിലപാട് എടുത്തില്ലെങ്കിൽ ഒൽമർട്ടിന് പിന്നെ ചെയ്യാനുള്ളത്, ഗസ്സയിൽനിന്ന് വിക്ഷേപിക്കപ്പെടുന്ന റോക്കറ്റുകളെ നിശ്ശബ്ദമാക്കാൻ ആ നഗരത്തിൽ വിപുലമായ സൈനികാക്രമണം നടത്തുക എന്നതാണ്. ആ സൈനിക നീക്കം നടന്നാൽ ഇസ്രയേൽ സൈന്യത്തിന് വലിയ ആൾനാശം സംഭവിക്കാനിടയുണ്ട്. ഉദ്ദേശിച്ച ലക്ഷ്യം നേടാൻ കഴിഞ്ഞെന്നും വരില്ല.

ഈ വിലയിരുത്തലാണ് വലിയൊരളവോളം ശരി എന്ന് തോന്നുന്നു. കാരണം, അറബ് -ഇസ്രയേൽ സംഘർഷത്തിന്റെ ചരിത്രത്തിൽ ഇതാദ്യമായാണ് ഹീബ്രുരാഷ്ട്രം ഫലസ്ത്വീനീ ഗ്രൂപ്പുകൾക്കൊപ്പം തുല്യ പങ്കാളിത്തത്തോടെ വെടിനിർത്താൻ സന്നദ്ധമാവുന്നത്. മുമ്പും നിരവധി 'വെടിനിർത്തലുകൾ' ഉണ്ടായിരുന്നു എന്നത് ശരിയാണ്. അതിൽ ഏറ്റവും ഒടുവിലത്തേത് മഹ്മൂദ് അബ്ബാസ് ഫലസ്ത്വീൻ അതോറിറ്റി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട 2005-ലാണ്. വെടിനിർത്തൽ പത്തു മാസം നീണ്ടുനിന്നു. പക്ഷേ, ഫലസ്ത്വീനികൾ മാത്രമേ വെടിനിർത്തിയിരുന്നുള്ളൂ. ഇസ്രയേൽ വെടിപൊട്ടിച്ചുകൊണ്ടേയിരുന്നു. പരസ്പര

**അറബ് -ഇസ്രയേൽ സംഘർഷത്തിന്റെ ചരിത്രത്തിൽ ഇതാദ്യമായാണ് ഹീബ്രുരാഷ്ട്രം ഫലസ്ത്വീനീ ഗ്രൂപ്പുകൾക്കൊപ്പം തുല്യ പങ്കാളിത്തത്തോടെ വെടിനിർത്താൻ സന്നദ്ധമാവുന്നത്. മുമ്പും നിരവധി 'വെടിനിർത്തലുകൾ' ഉണ്ടായിരുന്നു എന്നത് ശരിയാണ്. ഫലസ്ത്വീനികൾ മാത്രമേ വെടിനിർത്തിയിരുന്നുള്ളൂ. ഇസ്രയേൽ വെടിപൊട്ടിച്ചുകൊണ്ടേയിരുന്നു. പരസ്പര വെടിനിർത്തൽ ഒരുകാലത്തും ഉണ്ടായിരുന്നില്ല എന്നർഥം.**

വെടിനിർത്തൽ ഒരുകാലത്തും ഉണ്ടായിരുന്നില്ല എന്നർഥം.

മഹ്മൂദ് അബ്ബാസിനെ ഇസ്രയേൽ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നു കൂടി ഈ സന്ദർഭത്തിൽ ഓർക്കാം. അബ്ബാസിന് മിതവാദി പട്ടം നൽകി ഇക്കാലമത്രയും അദ്ദേഹവുമായി നേരിട്ട് ചർച്ചകൾ നടത്തിവരികയായിരുന്നു ഇസ്രയേൽ. എന്നിട്ടും ഇസ്രയേലിൽനിന്ന് ഒരു ചുക്കും അബ്ബാസിന് കിട്ടിയില്ല. ഒരു ഫലസ്ത്വീൻ തടവുകാരനെപ്പോലും ഇസ്രയേൽ വിട്ടയച്ചില്ല. പടിഞ്ഞാറെ കരയിലെ ഒരൊറ്റ ചെക്പോസ്റ്റും എടുത്തു കളഞ്ഞില്ല. അതേസമയം അബ്ബാസിന്റെ അധീനതയിലുള്ള പടിഞ്ഞാറെ കരയിലുടനീളം ജൂതകുടിയേറ്റം ശക്തിപ്പെടുത്തുകയും ചെയ്തു. അവിടെയുള്ള ഫലസ്ത്വീനികളെ നിരന്തരം ആക്രമിച്ചുകൊണ്ടുമിരുന്നു. ഗസ്സയിൽ ഹമാസുമായി ഇസ്രയേൽ വെടിനിർത്തൽ ധാരണയിലെത്തുന്നതിന് ഏതാനും മണിക്കൂറുകൾക്ക് മുമ്പു പോലും പടിഞ്ഞാറെ കരയിൽ ആറു പേരെയാണ് ഇസ്രയേൽ വധിച്ചത്. റാമല്ലയിലെ 'മിതവാദി' ഭരണകൂടത്തോട് ഇതാണ് ഇസ്രയേലിന്റെ നിലപാടെങ്കിൽ, ഗസ്സയിലെ ഹമാസിനോടുള്ള നിലപാട് വ്യത്യസ്തമാണ്. ശരിക്കും പരസ്പര വെടിനിർത്തലാണ് അവിടെ. പടിപടിയായി ഗസ്സക്കെതിരെയുള്ള സാമ്പത്തിക ഉപരോധം നീക്കാമെന്നും ഇസ്രയേൽ സമ്മതിച്ചിട്ടുണ്ട്.

വെടിനിർത്തൽ ഇസ്രയേലീ ആഭ്യന്തര സുരക്ഷാവകുപ്പും സൈനിക നേതൃത്വവും മന്ത്രിസഭാ ഉപസമിതിയും അംഗീകരിച്ചിട്ടുണ്ട്. അഭിപ്രായ സർവേയിൽ 68 ശതമാനം ഇസ്രയേലികളും ഇതിനെ പിന്തുണക്കുന്നതായും വ്യക്തമായി. വെടിനിർത്തലിനെ എതിർക്കുന്നവർ, ഇസ്രയേലിന്റെ പ്രഹരശേഷി ദുർബലമായതിന്റെ ലക്ഷണമായി ഇതിനെ കാണുന്നു. അബ്ബാസ് ഉൾപ്പെടെയുള്ള മിതവാദികളായ അറബ് നേതൃത്വങ്ങളെ ഇത് ദുർബലപ്പെടുത്തുമെന്നും ഭീകരതയോട് വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുക്കുന്ന അമേരിക്കയോടുള്ള ചതിയാണിതെന്നും അവർ കുറ്റപ്പെടുത്തുന്നു.

* * * *

മുമ്പൊരിക്കലും സ്വീകരിച്ചിട്ടില്ലാത്ത ഒരു നിലപാടിലേക്ക് ഇസ്രയേൽ എത്തിയത് എന്തുകൊണ്ട്?

ഒന്നിലധികം ഉത്തരങ്ങളുണ്ട് ഈ ചോദ്യത്തിന്. ഒരു വർഷമായി തുടരുന്ന ഗസ്സ ഉപരോധം പരാജയപ്പെട്ടതാണ് ഒന്ന്. ഗസ്സയിലെ ജനം ഗതികെട്ട് ഹമാസിനെതിരെ തിരിയുമെന്നായിരുന്നു കണക്കുകൂട്ടൽ. അതുണ്ടായില്ല. ഗസ്സയിൽനിന്നുള്ള റോക്കറ്റ് വിക്ഷേപണം നിർത്താനും ഉപരോധത്തിന് കഴിഞ്ഞില്ല. ഉപരോധം ഇസ്രയേലിനും കൂട്ടാളികൾക്കും ഒരു പൊല്ലാപ്പായി മാറി എന്നതാണ് രണ്ടാമത്തെ ഉത്തരം. ഉപരോധം യുദ്ധക്കുറ്റമായും മനുഷ്യാവകാശ ചാർട്ടറിന്റെ നഗ്നമായ ലംഘനമായും മുദ്രകുത്തപ്പെട്ടതോടെ പല രാഷ്ട്രങ്ങൾക്കും മടുത്തു. ആ രാഷ്ട്രങ്ങൾ ഉപരോധം വകവെക്കാതെ ഹമാസുമായി ബന്ധപ്പെടാൻ വരെ ശ്രമിച്ചു (ഫ്രാൻസ് ഉദാഹരണം). പ്രധാനമന്ത്രി ഒൽമർട്ടിനാകട്ടെ, തന്നെ ശ്വാസം മുട്ടിച്ചുകൊണ്ടിരിക്കുന്ന ആഭ്യന്തര പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ രംഗം അൽപം ശാന്തമാവേണ്ടതും ആവശ്യമായിരുന്നു. ഇസ്രയേലിനെ കൂടുതൽ അലോസരപ്പെടുത്തുന്ന ഇറാൻ ആണവ പ്രശ്നം കൈകാര്യം ചെയ്യുന്നതിന് സാവകാശം ലഭിക്കാനാണ് വെടിനിർത്തൽ എന്ന് മറ്റൊരു ഉത്തരം.

ഇങ്ങനെ പല ഉത്തരങ്ങളുണ്ടെങ്കിലും, 2001 ജൂൺ മുതൽ വിവിധ ഫലസ്ത്വീനീ പോരാളി സംഘങ്ങൾ ഇസ്രയേലിലേക്ക് തൊടുത്തുവിട്ടുകൊണ്ടിരിക്കുന്ന റോക്കറ്റുകൾ തടുക്കാൻ കഴിയാത്തതാണ് വെടിനിർത്തലിലേക്ക് നയിച്ച ഒന്നാമത്തെ കാരണം എന്ന് ഞാൻ കരുതുന്നു. റോക്കറ്റുകളുണ്ടാക്കാനുള്ള അസംസ്കൃത വസ്തുക്കൾ ഫലസ്ത്വീനിൽ അപൂർവമായേ കിട്ടുന്നുള്ളൂവെങ്കിലും, റോക്കറ്റുകൾ ഉണ്ടാക്കാൻ കഴിയുന്നു എന്നത് ഫലസ്ത്വീനിയൻ ചെറുത്തുനിൽപിനു മാത്രം അവകാശപ്പെട്ട വിസ്മയമാണ്. ഒരു വശത്ത് ഇസ്രയേലീ ആയുധങ്ങളുടെ ലോകോത്തര മികവ്. മറുവശത്ത്, റോക്കറ്റുണ്ടാക്കാൻ എന്തെങ്കിലും തരത്തിൽ സഹായകരമായേക്കുമെന്ന് സംശയമുള്ള വസ്തുക്കൾ ഫലസ്ത്വീനിൽ എത്താതിരിക്കാനുള്ള കർശനമായ പരിശോധന. ക്ലീനിംഗ് പൗഡറും കൃഷിക്ക് വളമായി ഉപയോഗിക്കുന്ന യൂറിയയും വരെ തടഞ്ഞുവെക്കുന്നു. പിന്നെ സംശയമുള്ള കൊല്ലപ്പണിക്കാരുടെ സകല ആലകളും ഇവർ ബോംബെറിഞ്ഞ് തവിടുപൊടിയാക്കുന്നു. എന്നിട്ടും പോരാളി സംഘങ്ങൾക്ക് റോക്കറ്റുകൾ ഉണ്ടാക്കാനും അത് തൊടുത്തുവിടാനും കഴിയുന്നു. ബൈറൂത്തിലെ സൈത്തൂന ഫൗണ്ടേഷൻ 2008 ഏപ്രിലിൽ പുറത്തിറക്കിയ ഒരു പഠനത്തിൽ, പോരാളി സംഘമായ കതാഇബുൽ ഖസ്സാം സ്ഫോടക വസ്തുക്കളുണ്ടാക്കാൻ മൃഗങ്ങളുടെ കാഷ്ഠങ്ങളിൽ നിന്ന് ചില പ്രത്യേകതരം വാതകങ്ങളും രാസവസ്തുക്കളും വികസിപ്പിച്ചെടുത്തതായി പറയുന്നുണ്ട്. മറ്റൊരു പഠനപ്രകാരം, 2001 ഒക്ടോബർ മുതൽ 2008 ഫെബ്രുവരി വരെ വിവിധ ഫലസ്ത്വീനീ പോരാളി സംഘങ്ങൾ 2809 റോക്കറ്റുകൾ ഇസ്രയേലീ പ്രദേശങ്ങളിലേക്ക് തൊടുത്തുവിട്ടിട്ടുണ്ടത്രെ.

ഈ 'റോക്കറ്റ് ആക്രമണങ്ങളിൽ' ഇസ്രയേലിൽ എത്ര പേർക്ക് ജീവാപായമുണ്ടായി എന്ന് നോക്കുന്നതിൽ അർഥമില്ല. ഫലസ്ത്വീനികൾക്കുണ്ടായ ജീവനഷ്ടം വെച്ചുനോക്കുമ്പോൾ അത് വളരെ നിസ്സാരമായിരിക്കും. ഇവിടെ രണ്ട് നിരീക്ഷണങ്ങൾ പ്രസക്തമാണ്. ഒന്ന്, റോക്കറ്റുകൾ തൊടുത്തുവിടുന്നുണ്ടോ ഇല്ലേ എന്ന് നോക്കിയല്ല ഫലസ്ത്വീൻ പ്രദേശങ്ങളിൽ ഇസ്രയേൽ നടത്തുന്ന അതിക്രമങ്ങൾ. ഫലസ്ത്വീൻ കണക്കെടുപ്പ് കാര്യാലയത്തിന്റെ റിപ്പോർട്ട് പ്രകാരം, 2000 സെപ്റ്റംബർ 28-ന് ഇൻതിഫാദ ആരംഭിച്ചതിനു ശേഷം 2008 ഫെബ്രുവരി 29 വരെ 5227 ഫലസ്ത്വീനികൾ രക്തസാക്ഷികളായി. ഇതിൽ ഗസ്സയിൽ മരിച്ചവർ 3107 പേർ. ഒരു റോക്കറ്റും തൊടുത്തുവിടാത്ത പടിഞ്ഞാറെ കരയിലും മരിച്ചിട്ടുണ്ട് 2120 പേർ.

രണ്ട്, ഇസ്രയേലീ മെഡിക്കൽ സംഘം തയാറാക്കിയ റിപ്പോർട്ടിൽ റോക്കറ്റ് തട്ടി 14 ജൂത കുടിയേറ്റക്കാർ മരിച്ചതായി പറയുന്നു. ഇതിൽ പതിനൊന്ന് പേരും സദ്റോത്ത് എന്ന പട്ടണത്തിൽ ഉള്ളവരാണ്. റോക്കറ്റാക്രമണം ഭയന്ന് ഇവിടെയുള്ള 1600 കുടിയേറ്റക്കാരെങ്കിലും മാനസിക വിഭ്രാന്തിയിലാണ് കഴിയുന്നത്. ഗസ്സയുടെ സമീപം കുടിയേറിയ ഇവരെ മറ്റൊരു സ്ഥലത്തേക്ക് മാറ്റിപ്പാർപ്പിക്കണമെന്ന് സദ്റോത്ത് നഗരസഭാ ചെയർപേഴ്സൺ ശോഷാൻ സാറ ആവശ്യപ്പെടുകയുണ്ടായി.

നഗരത്തിലെ കുടുംബങ്ങൾ ഭീതി കാരണം അവരുടെ കുട്ടികളെ ന്യൂയോർക്കിൽ അയച്ച് പഠിപ്പിക്കുകയാണെന്ന് ഇസ്രയേൽ സൈനിക റേഡിയോ റിപ്പോർട്ട് ചെയ്യുകയുണ്ടായി. 2007 പകുതിയായപ്പോഴേക്കും ഫലസ്ത്വീനീ റോക്കറ്റുകൾ പതിച്ച് സദ്റോത്തിൽ മാത്രം 20 മില്യൻ ഡോളറിന്റെ നാശനഷ്ടങ്ങളുണ്ടായതായി കണക്കാക്കപ്പെടുന്നു. വീടുകൾക്കും മറ്റും സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് 85 മില്യൻ ഡോളറും ചെലവായി. 2007-ൽ ദാഹാഫ് എന്ന സ്ഥാപനം നടത്തിയ സർവേയിൽ, സദ്റോത്ത് നഗരവാസികളിൽ 86 ശതമാനവും ഗവൺമെന്റ് തങ്ങൾക്ക് സംര

ക്ഷണം നൽകുന്നതിൽ പരാജയപ്പെട്ടതായി അഭിപ്രായപ്പെട്ടു. കിട്ടുന്ന ആദ്യ അവസരത്തിൽ തന്നെ തങ്ങൾ നഗരം ഉപേക്ഷിച്ച് പോകുമെന്നാണ് 64 ശതമാനം പേരും പറഞ്ഞത്. സുരക്ഷിതത്വം ഇല്ലാതായതിനെ തുടർന്ന് ഇരുപത്തിമൂന്നായിരം വരുന്ന നഗരവാസികളിൽ 6000-നും 8000-നും ഇടയിൽ ആളുകൾ നഗരം വിട്ടു പോയതായി *യദീഊത്ത് അഹ്റനോത്ത്* പത്രത്തിന്റെ വെബ് എഡിഷൻ വെളിപ്പെടുത്തുന്നു.

* * * *

വളരെ കടുപ്പമേറിയതായിരുന്നു കയ്റോയിൽ നടന്ന ഇസ്രയേൽ-ഹമാസ് അനൗദ്യോഗിക ചർച്ച. ആയുധ പരിശീലനം, ഒളിച്ചു കടത്തൽ, റോക്കറ്റ് നിർമാണം ഇത് മൂന്നും നിർത്തിവെക്കാനാണ് ഇസ്രയേൽ തുടക്കത്തിൽ ആവശ്യപ്പെട്ടത് (2001-ൽ രൂപകൽപന ചെയ്യപ്പെട്ട ഖസ്സാം 1 റോക്കറ്റിന്റെ ദൂരപരിധി മൂന്ന് കിലോമീറ്ററായിരുന്നു. 2006-ൽ ഖസ്സാം 3-ന്റെ ദൂരപരിധി 12 കി.മീ ആയി വർധിച്ചു. അസ്ഖലാനിൽ വരെ റോക്കറ്റ് എത്തുമെന്നായി. ഖസ്സാം 4 റോക്കറ്റ് 18 മുതൽ 20 വരെ കിലോമീറ്റർ ദൂരം ചെല്ലുമെന്ന് കരുതപ്പെടുന്നു. മറ്റു ഫലസ്തീനീ ഗ്രൂപ്പുകളും റോക്കറ്റ് നിർമാണത്തിൽ മോശക്കാരല്ല. ഖുദ്സ്, നാസ്വിർ, അഖ്സാ, സ്വമൂദ് എന്നീ റോക്കറ്റുകൾ അവരുടെ സംഭാവനകളാണ്).

അടച്ചിട്ട അതിർത്തി ചെക്പോസ്റ്റുകളും പ്രവേശന മാർഗങ്ങളും തുറന്ന് തരില്ലെന്ന് ഇസ്രയേൽ തുടക്കത്തിൽ വാശി പിടിച്ചു. ഹമാസ് വെടിനിർത്തൽ കരാർ പാലിക്കുമെങ്കിൽ അക്കാര്യം പിന്നീട് ആലോചിക്കാമെന്ന് വ്യവസ്ഥ വെച്ചു. ഫലസ്തീനികൾ തടവിലാക്കിയ ജുൽആദ് ശാലിത് എന്ന ഇസ്രയേലീ പട്ടാളക്കാരനെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. ഹമാസ് പ്രതിനിധികൾ ഇത് അംഗീകരിച്ചില്ല. ഗസ്സയിലും പടിഞ്ഞാറെ കരയിലും ഇസ്രയേൽ അതിക്രമങ്ങൾ അവസാനിപ്പിച്ചെങ്കിലേ വെടിനിർത്തൽ കരാർ തങ്ങൾ പാലിക്കുകയുള്ളൂവെന്ന് ഹമാസ് പറഞ്ഞു. 'ഇസ്രയേൽ അധിനിവേശ പ്രദേശമാണ് ഗസ്സ. ഒളിച്ചു കടത്തൽ നിങ്ങൾക്ക് തടയാനാവുന്നില്ല. പിന്നെ ഞങ്ങൾക്ക് എങ്ങനെ കഴിയും?' അവർ ചോദിച്ചു. അടച്ചിട്ട പ്രവേശന മാർഗങ്ങൾ ഉടൻ തുറക്കണമെന്ന് ഹമാസ് ആവശ്യപ്പെട്ടു. തടവിൽ കഴിയുന്ന ഇസ്രയേലീ പട്ടാളക്കാരനെ മോചിപ്പിക്കണമെങ്കിൽ 375 ഫലസ്തീനീ തടവുകാരെ മോചിപ്പിക്കണം. 71 പേരെ മോചിപ്പിക്കാം എന്നായി ഇസ്രയേൽ. എങ്കിൽ ഈ പ്രശ്നം ചർച്ചയിൽ ഉൾപ്പെടുത്താതിരിക്കുന്നതാണ് നല്ലതെന്ന് ഹമാസ് പ്രതിനിധികൾ.

**വെടിനിർത്തൽ കരാറിന്റെ ആയുസ്സ് എത്ര? യാതൊരു അമിത പ്രതീക്ഷയും ഫലസ്തീനീ പ്രതിനിധികൾക്കില്ല. മുൻ കരാറുകളെല്ലാം ഇസ്രയേൽ കാറ്റിൽ പറത്തിയതുകൊണ്ട് മാത്രമല്ല ഇത്. പരമാവധി നീട്ടി സങ്കൽപിച്ചാൽ, ഒൽമർട്ടിന്റെ ഭരണകാലത്ത് കരാർ ഒരുവിധം പാലിക്കപ്പെട്ടുവെന്ന് വരാം. ഒൽമർട്ട് ഭരണമാവട്ടെ ഏതു നിമിഷവും മറിഞ്ഞു വീഴാവുന്ന പരുവത്തിലാണ് നിൽക്കുന്നത്.**

കൊണ്ടും കൊടുത്തുമുള്ള ഈ ചർച്ചക്കൊടുവിൽ രണ്ടു കാര്യങ്ങളൊഴികെ ബാക്കി ഏതാണ്ടൊക്കെ ഇസ്രയേൽ അംഗീകരിച്ചു. വെടിനിർത്തൽ കരാർ ഇപ്പോൾ ഗസ്സയിൽ മാത്രമേ ബാധകമാവൂ. പടിഞ്ഞാറെ കരയെ ആറു മാസത്തിനു ശേഷമാണ് കരാറിൽ ഉൾപ്പെടുത്തുക; ഇതാണ് ഒന്ന്. രണ്ട്, ആളുകളുടെ വരവും പോക്കും നടക്കുന്ന റഫഹ് ചെക്ക് പോസ്റ്റ് ഇപ്പോൾ തുറന്നു തരാൻ നിവൃത്തിയില്ല. ചരക്കു കടത്ത് മാത്രം നടക്കുന്ന മറ്റു ചെക്പോസ്റ്റുകൾ തുറന്നു തരാം. ഫലസ്തീനീ തടവുകാരുടെ കാര്യം തീരുമാനമാവുന്നതു വരെ ശാലീത് പ്രശ്നം നീട്ടിവെക്കാനും ഇസ്രയേൽ സന്നദ്ധമായി.

ചർച്ചയുടെ പൂർണ വിവരങ്ങൾ ഹമാസ് മറ്റു ഫലസ്തീനീ പോരാളി വിഭാഗങ്ങളെ അറിയിച്ചു. ഗസ്സ ഉപരോധം നീങ്ങാനും ഇസ്രയേലീ അതിക്രമങ്ങൾക്ക് ശമനം വരാനും കരാർ ഉപകരിക്കുമെന്ന് അവരെ ബോധ്യപ്പെടുത്തി. എല്ലാ വിഭാഗങ്ങളും കരാർ അംഗീകരിക്കുകയാണ് ചെയ്തത്; നേരത്തേ ചർച്ചകളിൽ നിന്ന് വിട്ടുനിന്ന അൽജബ്ഹത്തുശ്ശഅ്ബിയ്യയും അൽ ജിഹാദുൽ ഇസ്ലാമിയും വരെ.

* * * *

വെടിനിർത്തൽ കരാറിന്റെ ആയുസ്സ് എത്ര? യാതൊരു അമിത പ്രതീക്ഷയും ഫലസ്തീനീ പ്രതിനിധികൾക്കില്ല. മുൻ കരാറുകളെല്ലാം ഇസ്രയേൽ കാറ്റിൽ പറത്തിയതുകൊണ്ട് മാത്രമല്ല ഇത്. പരമാവധി നീട്ടി സങ്കൽപിച്ചാൽ, ഒൽമർട്ടിന്റെ ഭരണകാലത്ത് കരാർ ഒരുവിധം പാലിക്കപ്പെട്ടുവെന്ന് വരാം. ഒൽമർട്ട് ഭരണമാവട്ടെ ഏതു നിമിഷവും മറിഞ്ഞു വീഴാവുന്ന പരുവത്തിലാണ് നിൽക്കുന്നത്. ഒന്ന് ശ്വാസമയക്കാനുള്ള സമയം കിട്ടിയേക്കും എന്നാണ് ഫലസ്തീനി പ്രതിനിധി സംഘത്തിലെ ഒരാൾ അതേക്കുറിച്ച് എന്നോട് അഭിപ്രായം പറഞ്ഞത്. ■